**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4670** **02-07-2024 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ റഗുലേറ്റർ കം ബ്രിഡ്ജുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്റർ കം ബ്രിഡ്ജ്, ബാപ്പുകൽ റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽ കാപ്പ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണം നടത്തി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ ലഭ്യമാകുന്നതിനായി ഐ.ഡി.ആർ.ബി.ക്ക് നല്കിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറക്ക് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്. ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ തോടിന് കുറുകെ മുണ്ടപ്രത്ത് ആർ.സി.ബി നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ നബാർഡ് -XXVIII-ൽ ഉൾപ്പെടുത്തുവാനായി തയ്യാറാക്കി യിരുന്നുവെങ്കിലും ഡി.പി.ആർ-ൽ തിരുത്തലുകൾ വരുത്തേണ്ടതിന്റെ ആവശ്യം ഉണ്ടായിരുന്നു. ആയതിനാൽ തിരുത്തൽ വരുത്തിയ ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തി അനുയോജ്യമായ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ